## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1741** — **11.2.2013- ൽ മറുപടിക്ക്**

## അഗ്മാർക്ക് സർട്ടിഫിക്കേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സ്റ്റേറ്റ് അഗ്മാർക്ക് ഗ്രേഡിംഗ് ലബോറട്ടറിയിൽ നിയമിച്ചിട്ടുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് നിശ്ചിത യോഗ്യത ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (എ) ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിങ് ആന്റ് ഇൻസ്പെക്ഷൻ കൊച്ചിയുടെ അഗ്മാർക്ക് കെമിസ്റ്റ് പരിശീലനം ലഭിച്ച കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരെയാണ് അഗ്മാർക്ക് ലബോറട്ടറികളിൽ നിയമിച്ച് വരുന്നത്. പരിശീലനം ലഭിക്കാത്ത അസിസ്റ്റന്റ് ഡയറക്ടർമാർക്കുള്ള പരിശീലനം ആരംഭിച്ച് കഴിഞ്ഞു. |
| (ബി) എത്ര ഇനങ്ങൾക്കാണ് അഗ്മാർക്ക് സർട്ടിഫിക്കേഷൻ നിർബന്ധമാക്കിയിട്ടുള്ളത്; അത് ഏതൊക്കെ ഇനങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ; | (ബി) അഗ്മാർക്ക് സർട്ടിഫിക്കേഷൻ നിർബന്ധമല്ല. എന്നാൽ അഗ്മാർക്ക് ലേബലുള്ള ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരം ഉറപ്പ് വരുത്തിയതിനാൽ മാർക്കറ്റിൽ പ്രിയമാണ്. |
| (സി) സ്റ്റേറ്റ് അഗ്മാർക്ക് ഗ്രേഡിംഗ് ലബോറട്ടറികളിൽ നിയമിക്കപ്പെടാൻ സംസ്ഥാനത്ത് എത്ര കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കാണ് വിദഗ്ദ്ധ പരിശീലനം ലഭിച്ചിട്ടുള്ളത്? | (സി) ഇപ്പോൾ നിയമിച്ചിട്ടുള്ളതിൽ 3 ജില്ലകളിൽ (കണ്ണൂർ, തൃശ്ശൂർ, എറണാകുളം) ഉള്ളവർ പരിശീലനം ലഭിച്ചവരാണ്. കോട്ടയം, പത്തനംതിട്ട ജില്ലകളിൽ നിയമിച്ചവർക്കുള്ള പരിശീലനം നടന്നു വരികയാണ്. മറ്റുള്ളവരെ തുടർന്നുള്ള പരിശീലനത്തിൽ പങ്കെടുപ്പിക്കുന്നതിനും പരിശീലനം ലഭിക്കാത്തവരുള്ള ജില്ലകളിൽ പരിശീലനം ഉള്ള കൃഷി ഓഫീസർമാർക്ക് അധിക ചുമതലയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

L